## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 1943 — 20.01.2021- ൽ മറുപടിയ്ക്ക്

# സ്വർണ്ണക്കടത്ത് കേസ് പ്രതികളുടെ ചോദ്യം ചെയ്യൽ

| ചോദ്യം<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സ്വർണ്ണക്കടത്ത് കേസിലെ പ്രതികളായ സ്വപ്ന സുരേഷിനെയും സരിത്തിനെയും എൻഫോഴ്സ്മെന്റ് ജയിലിൽ ചോദ്യം ചെയ്യുമ്പോൾ അവർ പറയുന്നത് കേൾക്കുവാൻ കഴിയുന്ന അകലത്തിൽ ജയിൽ അധികൃതർ നിൽക്കരുതെന്ന് എറണാകുളം സെഷൻസ് കോടതി നിർദ്ദേശിച്ചിരുന്നോ ; | (എ) | നിർദ്ദേശിച്ചിരുന്നു. |
| (ബി) | പ്രസ്തുത വിധിയെ ചോദ്യം ചെയ്തുകൊണ്ട് സർക്കാർ ഹൈക്കോടതിയെ സമീപിച്ചിരുന്നോ ; | (ബി) | സമീപിച്ചിട്ടുണ്ട്. |
| (സി) | ജയിലിൽ അന്വേഷണ ഉദ്യോഗസ്ഥർ പ്രതികളെ ചോദ്യം ചെയ്യുമ്പോൾ ജയിലധികൃതരുടെ സാന്നിദ്ധ്യം അനിവാര്യമാണെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ ; എങ്കിൽ എത് സാഹചര്യത്തിലെന്ന് വ്യക്തമാക്കുമോ ? | (സി) | ഉണ്ട്. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ പ്രകാരം ജയിലിൽ പാർപ്പിച്ചിരിക്കുന്ന എല്ലാ പ്രതികളുടേയും ശാരീരിക മാനസിക ആരോഗ്യം ഉറപ്പവരുത്തേണ്ടത് ജയിൽ ഉദ്യോഗസ്ഥരുടെ പൂർണ്ണ ഉത്തരവാദിത്തമാണ്. ചോദ്യം ചെയ്യുമ്പോൾ പ്രതികളെ അന്വേഷണ ഉദ്യോഗസ്ഥർ മാനസികമായോ, ശാരീരികമായോ ഉപദ്രവിക്കുന്നില്ലെന്നും ഏതെങ്കിലും തരത്തിൽ നിർബന്ധിക്കുകയോ ഭീഷണിപ്പെടുത്തുകയോ സ്വാധീനിക്കാൻ ശ്രമിക്കുകയോ ചെയ്യുന്നില്ലെന്നും ഉറപ്പവരുത്തുന്നതിന് ജയിൽ അധികൃതരുടെ സാന്നിദ്ധ്യം തീർത്തും അനിവാര്യമാണ്. കൂടാതെ ചട്ടം 200 പ്രകാരം, ഒരു അസിസ്റ്റന്റ് സൂപ്രണ്ടിന്റെ |

| | | | |
|---|---|---|---|
| | | | പദവിയിൽ കുറയാതെയുള്ള ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ മാത്രം പോലീസിന് തടവുകാരെ ചോദ്യം ചെയ്യാവുന്നതാണെന്നും തടവുകാരൻ ചോദ്യങ്ങൾക്ക് മറുപടി നൽകാതിരിക്കുകയോ, ഒഴിഞ്ഞുമാറുകയോ, ചെയ്താൽ തടവുകാരനെ ശിക്ഷിക്കാൻ പാടില്ലാത്തതാണെന്നും, ഈ വ്യവസ്ഥകൾക്ക് വിധേയമല്ലാതെ,-ഒരു പോലീസ് ഉദ്യോഗസ്ഥനേയും, മജിസ്ട്രേറ്റിന്റെ രേഖാമൂലമുള്ള ഉത്തരവ് കൂടാതെ, ഒരു തടവുകാരനെ അന്വേഷണത്തിനായി ചോദ്യം ചെയ്യാൻ അനുവദിക്കുവാൻ പാടുള്ളതല്ല എന്നും നിഷ്കർഷിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ